# ദല്ലാളിന്റെ കാലാൾ

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**ഒരു കരു** (അല്ലെങ്കിൽ കരുക്കൾ):
തലമുട്ടിന് ആയുന്ന
സോക്കർ താരത്തിന്റെ
കാലിലും നെഞ്ചിലും
നിബന്ധനകളില്ലാതെ
പ്രവചനാതീത പ്രമാദത്തിൽ
തീരബിന്ദുവിൽ തമ്പടിക്കുന്ന
തന്മൂല്യം മറന്ന പിണിയാൾ.

സ്വേച്ഛാധിപതിയുടെ കാർക്കശ്യദണ്ഡ്
പ്രകാശപൂർണ്ണ പ്രഭാതത്തിൽ
മുങ്ങിമങ്ങി പുളയുന്നു.

ആപ്പിൾ മേൽത്തട്ടിലേക്ക്
പറക്കൽ പ്രയാണം തുടരുന്നു.
ഉയരത്തിൽ തൂങ്ങിക്കിടന്ന താരം
കരയിൽ നിപതിക്കാൻ
ഭയവിഹ്വലത കുടിച്ചു കലിക്കുന്നു.

അതിരാവിലത്തെ പ്രാതലിൽ
പേശീബല പരിണാമത്തിൽ
ശല്ക്കം പൊളിച്ച കിളിമുട്ട
സർവ്വതുല്യ വ്യാപരിപ്പിൽ
ഇടനിലയുടെ കടയടയ്ക്കാൻ
ശാക്തിക കൊടുങ്കാറ്റിന്റെ
നിലവാരത്തകർച്ചയ്ക്കു
നിരപ്പലക പരതുന്നു.

നിങ്ങൾക്ക് ഒരാത്മനെ
പണയപ്പെടുത്താം:

അച്ചടക്ക പാലനത്തിൽ
ശിഷ്യത്വം വരിക്കുന്ന
തരംഗ സ്വരൂപ സാദൃശ്യത
വാസ്തവിക പ്രദർശനത്തിൽ
ചിതറിയ ചിഹ്നങ്ങൾ കൂട്ടിത്തുന്നി
പട്ടാളച്ചിട്ടയിൽ പരക്കം പാഞ്ഞ്
ശരീരം അടിമപ്പെടുത്താം.

ചിത്രത്തൂലികയുടെ മുക്കുമഷി
വറ്റിവരണ്ടലയുമ്പോൾ
അടിയറ വചനത്തിന്റെ
കൈമാറ്റക്കച്ചവടത്തിൽ
മിന്നൽതാരം പോലും
അലങ്കാരപ്പണിയിൽ
പ്രമാണരേഖയ്ക്കു കീഴേ
കയ്യൊപ്പ് പരിശീലിക്കുന്നു.
******************************************************************